I/72692/2023

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-സ്പെഷ്യാലിറ്റി കേഡർ - ഡോ.രാജേഷ്. സി.പി, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത OP(KAT) No. 314/2023 ന്മേലുള്ള 25.07.2023 തീയതിയിലെ ഉത്തരവ് അനുപാലിച്ചു ഉത്തരവാകുന്നു.

പരാമർശം:- 1. ബഹു. കേരള ഹൈക്കോടതിയുടെ OP(KAT) No. 314/2023 ന്മേലുള്ള 25.07.2023 തീയതിയിലെ ഉത്തരവ്.
2. ഡോ.രാജേഷ്.സി.പി, ജൂനിയർ കൺസൾട്ടന്റ് സമർപ്പിച്ച അപേക്ഷ തീയതി 03.07.2023

**ഉത്തരവ് നം. ഇ.എ1-4607/2023/ആ.വ.ഡ തീയതി: 10-08-2023**

കൊല്ലം ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. രാജേഷ് .സി .പി 2023 ലെ പൊതു സ്ഥലം മാറ്റത്തിൽ ടിയാനെ തിരുവനന്തപുരം ജില്ലയിലേക്കുള്ള സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നതിനായി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA 901/ 2023 ന്റെ 13.06.2023 തീയതിയിലെ ഉത്തരവിൽ ടിയാന്റെ അപേക്ഷ പരിശോധിച്ചു ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനു ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരുന്നു. പൊതു സ്ഥലം മാറ്റ മാന ദണ്ഡപ്രകാരം നിലവിലെ സ്ഥാപനത്തിൽ 3 വർഷം പൂർത്തിയാകാത്തതിനാൽ ടിയാന്റെ അപേക്ഷ നിരസിച്ചു കൊണ്ട് ടി ഉത്തരവ് അനുപാലിച്ചു ഉത്തരവ് നം. ഇ.എ1-5160/2023/ആ.കു.വ തീയതി 15.06.2023 പ്രകാരം ഉത്തരവായിരുന്നു.

2. ആയതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതി മുൻപാകെ OP(KAT) No. 314/2023 ഫയൽ ചെയ്യുകയും ആയതിന്റെ 25.07.2023 തീയതിയിലെ വിധിന്യായത്തിൽ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഉണ്ടായ ഒഴിവിലേക്കുള്ള പെറ്റിഷണറുടെ ക്ലെയിം ഈ ഒഴിവിലേക്കു മറ്റേതെങ്കിലും അർഹരായ അപേക്ഷകരുണ്ടെങ്കിൽ അവരുടെ ക്ലെയിം സഹിതം പരിശോധിച്ച് വിധിപ്പകർപ്പു ലഭിച്ചു രണ്ടു ആഴ്ചകൾക്കകം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിനു ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകിയിരിക്കുന്നു.

3. ബഹു: ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിച്ചു. പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ വന്ന ഒഴിവിലേയ്ക്ക് **2023** ലെ പൊതു സ്ഥലം മാറ്റത്തിൽ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും വിതുര താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയ ഡോ.സനിത.എ ആണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാരിയ്ക്ക് എൻഡ്രോമെട്രിയൽ കാൻസർ ബാധിച്ചു ആർ.സി.സി യിൽ ലാപ്രോട്ടമി ഓപ്പറെഷൻ നടത്തുകയും തുടർചികിത്സയിൽ ആണെന്നും കാണിച്ചാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ ടിയാരി സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിൽ **"Now she is disease free and no regular follow up"** എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാറശ്ശാല താലൂക്ക് ആശുപത്രിയിൽ സേവനത്തിലിരിക്കെ സ്വകാര്യ ചികിത്സാ മാനദണ്ഡം ലംഘിച്ചു പ്രാക്ടീസ് നടത്തി പെരുമാറ്റച്ചട്ട ലംഘനം നടത്തിയതായി ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ വിജിലൻസ് റിപ്പോർട്ട് ചെയ്തതിനെ തുടർന്നുള്ള അച്ചടക്ക നടപടി ടിയാരിയുടെ പേരിൽ നിലവിലുണ്ട്. ഡോ. രാജേഷ്.സി.പിയുടെ പിതാവ് **50% Locomotor disability, coronary artery disease and type 2 diabetes mellitus and suffering from angina** എന്നിവ ഉള്ള വ്യക്തിയാണ്.

4. അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും **2023** ലെ പൊതു സ്ഥലം മാറ്റത്തിൽ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്നും വിതുര താലൂക്ക് ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയ ഡോ.സനിത.എ-യെക്കാൾ ഡോ. രാജേഷ്.സി.പി സ്ഥലം മാറ്റത്തിനു പരിഗണിക്കാൻ അർഹനാണെന്നു കാണുന്നതിനാൽ കൊല്ലം ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. രാജേഷ്.സി.പി **(PEN: 768656)** യെ പാറശ്ശാല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചു ഉത്തരവാകുന്നു.

5. ഡോ.സനിത.എ, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ ബഹു. **KAT** മുൻപാകെ ഫയൽ ചെയ്ത **OA No. 1410/2023** ന്റെ **31/7/2023** ലെ ഉത്തരവിൽ **comparative merits** പരിഗണിച്ചു ഒരു മാസത്തിനുള്ളിൽ തീരുമാനം എടുക്കണമെന്ന് **1st respondent** ആയ സർക്കാരിനോട് ബഹു കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബുണൽ നിർദേശിച്ചിരിക്കുന്നു. ഡോ. സനിത. എ യുടെ അപ്പീൽ അപേക്ഷ കൂടി പരിശോധിച്ചതിനു ശേഷം മാത്രമേ ടി ഒഴിവ് നികത്താൻ പാടുള്ളൂ എന്ന് ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ പ്രസ്തുത അപ്പീൽമേലുള്ള സർക്കാർ തീരുമാനത്തിന് വിധേയമായി ആവശ്യമെങ്കിൽ ടി സ്ഥലം മാറ്റം പുനഃ പരിശോധിക്കുന്നതായിരിക്കും.

6. ബഹു. കേരള ഹൈക്കോടതിയുടെ **OP(KAT) No. 314/2023** മേലുള്ള

I/72692/2023

**25.07.2023** തീയതിയിലെ ഉത്തരവ് മേൽ പ്രകാരം അനുപാലിച്ചു ഉത്തരവാകുന്നു.

Signed by
Dr Reena K J
Date: 10-08-2023 15:56:01

ഡോ.റീന കെ.ജെ.
ആരോഗ്യ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. രാജേഷ്.സി.പി, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ, ജില്ലാ ആശുപത്രി, കൊല്ലം

പകർപ്പ് :
1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
2. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ (എ) വകുപ്പ്, ഗവൺമെൻറ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
3. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കൊല്ലം / തിരുവനന്തപുരം
4. അക്കൗണ്ടണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടണ്ടുമാർ
6. ഫയൽ/ കരുതൽ ഫയൽ.